## ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ

**88 (4891)** ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(ബി) ജീവിതശൈലീരോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിൽ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ എത്രത്തോളം ഫലപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) നിലവിൽ എത്ര ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തിക്കുന്നു ; എവിടെയെല്ലാം ; വ്യക്തമാക്കാമോ ;

(ഡി) ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ സേവനം എല്ലാ ജില്ലയിലും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഹോമിയോപ്പതി, ആയുർവേദം, യോഗ, പ്രകൃതി ജീവനം തുടങ്ങിയ ചികിത്സാ ശാസ്ത്രങ്ങളുടെ ഗുണവശങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ആധുനിക ജീവിതശൈലീ രോഗങ്ങളായ പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗം, ക്യാൻസർ, പി.സി.ഒ.ഡി., ഗർഭാശയ രോഗങ്ങൾ, ഹോർമോൺ വ്യതിയാനം മൂലമുള്ള രോഗങ്ങൾ തുടങ്ങിയവയെ ഫലപ്രദമായി പ്രതിരോധിക്കുകയും പരിചരിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ആരംഭിച്ച ഒരു സമഗ്ര ചികിത്സാ പദ്ധതിയാണ് ഹോമിയോപ്പതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ.

(ബി) ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ പ്രവർത്തനവും പ്രവർത്തന റിപ്പോർട്ടും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ജീവിതശൈലീരോഗങ്ങളെ പ്രതിരോധിക്കുന്നതിൽ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് നിലവിൽ നാല് ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ ഹോമിയോ ആശുപത്രികളോട് അനുബന്ധിച്ചാണ് പ്രസ്തുത സെന്ററുകൾ പ്രവർത്തിക്കുന്നത്.

(ഡി) 2012-13 വാർഷിക പദ്ധതി പ്രകാരമാണ് തിരുവനന്തപുരത്തും കോഴിക്കോട്ടും ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചത്. 2013-14 വാർഷിക പദ്ധതിയിൽ എറണാകുളത്തും കണ്ണൂരുംകൂടി ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിച്ചു. ഈ വർഷം (2015-16) വാർഷിക പദ്ധതി പ്രകാരം കൊല്ലത്തും മലപ്പുറത്തും പുതിയ ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിക്കുന്നു. തുടർന്ന് മറ്റ് ജില്ലകളിൽകൂടി വാർഷിക പദ്ധതി പ്രകാരം ഘട്ടംഘട്ടമായി ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിക്കുന്നതും കാലക്രമേണ ആയുഷ് ഹോളിസ്റ്റിക് സെന്ററുകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലും ലഭ്യമാക്കുന്നതുമാണ്.

## കായത്തൊടി ആയുർവ്വേദ ആശുപത്രിയിൽ കിടത്തി ചികിത്സ

**89 (4892)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായത്തൊടി ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കായത്തൊടി ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല.

## ശാന്തിപുരം ആയുർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം

**90 (4893)** ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly